

കേരള സർക്കാർ

നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)1854/17

തീയതി – 18.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തപരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)1854/17

തീയതി – 18.11.2017

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ **നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ** 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. **ഗ്രാമപഞ്ചായത്തിന്റെ** 29.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	വിജയകുമാർ എസ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	15.09.2017 മുതൽ 25.09.2017 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി മിനു പികെ	ഓഡിറ്റ് ഓഫീസർ
	ശ്രീ ഹരീഷ്ബാബു.എൻ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ അനീഷ് ആർ	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

സ്ഥാനപ്പേര്	പേര്	കാലയളവ്	
		മുതൽ	വരെ
പ്രസിഡന്റ്	ശ്രീമതി രഞ്ജിനി രവി	01.04.2016	31.03.2017

സെക്രട്ടറി	കാലയളവ്	
	മുതൽ	വരെ
ശ്രീ. ടി. കെ.വർഗ്ഗീസ്	01.04.2016	31.03.2017

നിർവ്വഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്	
		മുതൽ	വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ എം.എം.അന്ത്രു	01.04.2016	20.12.2016
	ശ്രീ. ടി. കെ.വർഗ്ഗീസ് (ഇൻചാർജ്ജ്)	21.12.2016	08.01.2017

	ശ്രീ ആനന്ദൻ.റ്റി.വി.	09.01.2017	31.03.2017
മെഡിക്കൽ ഓഫീസർ (അലോപ്പതി)	ഡോ.ബിജു വർഗ്ഗീസ്	01.04.2016	31.03.2017
ഐ സി ഡി എസ് സൂപ്പർവൈസർ	ശ്രീമതി സിസിലി കുരുവിള	01.04.2016	31.03.2017
കൃഷി ഓഫീസർ	ശ്രീമതി നിജാമോൾ പി.എ	01.04.2016	31.03.2017
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.എൻ.രാജേന്ദ്രൻ	01.04.2016	31.03.2017
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ സുരേഷ് കുമാർ പി.എസ്	01.04.2016	31.03.2017
ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്	ശ്രീമതി സൽമ	01.04.2016	31.03.2017
വെറ്ററിനറി സർജ്ജൻ	ഡോ. മെർലി മാത്യു	01.04.2016	31.03.2017
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചെറുവട്ടൂർ	ശ്രീ ഷിജോ തങ്കപ്പൻ	01.04.2016	01.01.17
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെറുവട്ടൂർ	അരുൺകുമാർ പി എസ്	02.01.17	31.03.17
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,നെല്ലിക്കുഴി	ശ്രീ.ബേസിൽ.റ്റി.എൽദോസ്	01.04.2016	31.03.2017

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നം
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-12
13	ദുരിതാശ്വാസനിധി പ്രവർത്തനങ്ങൾ മാതൃകാപരം	1-13

14	ഓഡിറ്റ് ഇംപാക്ട് – ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി	1-14
	ഭാഗം 2	
15	തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു	2-1
16	വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതിയിനത്തിൽ വരുമാന നഷ്ടം.	2-2
17	അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല	2-3
18	നിലം ഭൂമിയിൽ വാണിജ്യ കെട്ടിടത്തിന് പെർമിറ്റ്	2-4
19	ഡി & ഒ ലൈസൻസ് ഫീസ് തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിലെ അപാകതകൾ	2-5
20	സാംഖ്യ -സഞ്ജയ സോഫ്റ്റ്വെയറുകളിലെ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.	2-6
	ഭാഗം 3	
21	ഹെൽപ്പ് ഡെസ്ക് കൺവീനർക്ക് ഹോണറേറിയം നൽകി.	3-1
22	കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയത്-അപാകതകൾ	3-2
23	മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമല്ല - 290000/- രൂപ തടസ്സപ്പെടുത്തുന്നു	3-3
24	ആശ്രമ ഭവന നിർമ്മാണം തുക ചെലവഴിച്ചതിലെ അപാകത	3-4
25	ആദായ നികുതി ഈടാക്കിയിട്ടില്ല	3-5
26	മരുന്ന് ലഭിച്ചിട്ടില്ല	3-6
27	പദ്ധതികൾ നടപ്പിലാക്കൽ - നടപടിക്രമങ്ങളിൽ വീഴ്ച	3-7
28	വാട്ടർ ചാർജ്ജ് - കുടിശ്ശിക വർദ്ധിച്ചുകൊണ്ടിരിക്കുന്നു.	3-8
29	ഇലക്ട്രിസിറ്റി ചാർജ്ജ്	3-9
	ഭാഗം 4	
30	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
31	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
32	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
33	വായ്പ/വായ്പ തിരിച്ചടവ്	4-4
34	സ്ഥിര നിക്ഷേപങ്ങൾ	4-5
35	ഓഡിറ്റ് റിക്കവറി	4-6
36	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-7
37	ഓഡിറ്റ് പ്രത്യവലോകനം	4-8
38	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
39	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം1

40	ബാലൻസ് ഷീറ്റ്	അനുബന്ധം2
41	ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്	അനുബന്ധം3
42	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	അനുബന്ധം4

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.03.2016 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	10,14,65,000	11,14,41,000
വാർഷിക കണക്കുകൾ (വരവുചെലവു പത്രിക പ്രകാരം)	66856545	57479355

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 22613463/- രൂപയുടെയും 4,20,65,250/- രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്ക് നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകൾ യഥാർത്ഥ വരവുചെലവുകളെക്കാൾ കുറവാണെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കിയതിൽ കാര്യമായ വീഴ്ച സംഭവിച്ചു എന്ന് കാണാം. ബജറ്റ് യുക്തിസഹമായും സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഉണകരമായ വിധവും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.7.2017	25.07.2017

1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകത ഇല്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	4306715.00
വരവ്	66856545.00
ആകെ	71163260.00
ചെലവ്	57479355.00
നീക്കിയിരിപ്പ്	13683905.00

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

ഇനം	തുക
വസ്തു നികുതി	4188189

പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	അലോട്ട്മെന്റ്	ചെലവ്	ചെലവഴിക്കാതെ ബാക്കിയായ തുക	ചെലവ് %
വികസന ഫണ്ട് പൊതുവിഭാഗം	0	15969379	13362818	2606561	84
വികസന ഫണ്ട് എസ്.സി.പി	0	3857304	3042451	814853	79
വികസന ഫണ്ട് ടി.എസ്,പി	0	23532	-	23532	0
സംരക്ഷണ ഗ്രാന്റ് റോഡ്	0	9666219	3294680	6371539	34
സംരക്ഷണ ഗ്രാന്റ് റോഡിതരം	0	4336473	3509124	827349	81
പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	8955494	4613626	4341868	52
പെർഫോർമസ്ഗ്രാന്റ് (ലോകബാങ്ക്)	0	4698188	2631950	2066238	56
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	14649	22613463	22606673	21439	99.97
ബി ഫണ്ട്	0	42386250	42386250	-	100

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
185	80653350	110	37687026	59.45

നടപ്പിലാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള ചെലവ് വിവരം

മേഖല	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
സേവനം	33804377	22817924	67
ഉല്പാദനം	16553834	3073389	19
പശ്ചാത്തലം	30295139	11795713	40
ആകെ	80653350	37687026	47

ഉല്പാദനം പശ്ചാത്തലം എന്നീ മേഖലകളിൽ വളരെ ചെറിയ ശതമാനമാണ് ചെലവ് വന്നിട്ടുള്ളത്. അതിൽത്തന്നെ ഉല്പാദന മേഖലയിലെ ചെലവ് നാമമാത്രമാണ്. വിഭാവനം ചെയ്യുന്ന പ്രോജക്ടുകളെല്ലാം നടപ്പിലാക്കി എല്ലാ മേഖലകളുടെയും ഉന്നമനത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 132 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻ വർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	6368259	15481238	9112979	+143
നികുതിയേതര വരവുകൾ	875896	1295815	419919	+48
മറ്റുവരവുകൾ	957	38090	37133	+3880

ആകെ	7245112	16815143	9570031	+132

1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെഎണ്ണം
തൊഴിൽരഹിത വേതനം	171000	153
കർഷകതൊഴിലാളി പെൻഷൻ	4779890	520
വിധവാപെൻഷൻ	13695530	1273
വാർദ്ധക്യകാല പെൻഷൻ	17794080	2281
ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടു ന്നവർക്കുള്ള പെൻഷൻ	5583560	606
അവിവാഹിതരായ 50 വയസ്സിനു മുകളിൽപ്രായമായ വനിതകൾക്കുള്ള ധനസഹായം	212190	22
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	150000	5

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15176/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

1).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
2).തൻപതിവേട് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
3). വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ കുടിശ്ശിക ഡിമാന്റ് വിവരം കൃത്യമായി തയ്യാറാക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	26.10.2016	9/2016	16.12.2016
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.10.2012 to 09.11.2012	2007-08 to 2011-12	03.07.2013

.

1-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിൽ കാർഡ് ഉള്ളവർ				തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം	തൊഴിൽ ലഭിച്ച വരുടെ എണ്ണം	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ				100 ദിവസം തൊഴിൽ ലഭിച്ചവർ
SC	ST	GEN	Total			SC	ST	GEN	Total	
343	1	3007	3351	1688	1688	7685	44	48827	56556	21

1-13 ദുരിതാശ്വാസനിധി പ്രവർത്തനങ്ങൾ മാതൃകാപരം

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് രൂപീകരിച്ച ദുരിതാശ്വാസനിധിയുടെ 2016-17ലെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ദുരിതാശ്വാസനിധിയുടെ പ്രവർത്തനങ്ങൾക്കായി എറണാകുളം ജില്ലാ കൊ-ഓപ്പറേറ്റീവ് ബാങ്കിന്റെ നെല്ലിക്കുഴി ശാഖയിൽ ആരംഭിച്ച അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 059281000000002) വിവരങ്ങൾ ചുവടെ ചേർക്കുന്നു

മുന്നിരിപ്പ്	206001
വരവ്	244403
ചെലവ്	332000
നീക്കിയിരിപ്പ്	118404

2016-17ൽ 244403/- രൂപ ഭരണസമിതി അംഗങ്ങളുടേയും, ജീവനക്കാരുടേയും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുകയും, മഞ്ഞപ്പിത്തം പഞ്ചായത്ത് മേഖലയിൽ പടർന്ന് പിടിച്ചപ്പോൾ അർഹരായ 83 പേർക്ക് 4000/- രൂപ വീതം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

1-14 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി

ഓഡിറ്റ് വേളയിൽ നൽകിയ രണ്ട് അന്വേഷണങ്ങളെ തുടർന്ന് 10050/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

ഓഡിറ്റ് അന്വേഷണ നം	ഇനം	തുക	രസീത് നം./തീയതി
1	തൊഴിൽ നികുതി	6300	117020104849, 22/09/17 117020104842, 20/09/17 117020104848, 22/09/17 117020104843, 20/09/17 117020104844, 20/09/17 117020104846, 22/09/17 117020104847, 22/09/17 117020104854, 22/09/17 117020104855, 22/09/17 117020104856, 22/09/17 117020104857, 22/09/17 117020104858, 22/09/17 117020104867, 22/09/17 117020104868, 22/09/17 117020104869, 22/09/17
2	സ്ഥാപന നികുതി	3750	117020104828, 20/09/17 117020104839, 20/09/17 117020104840, 20/09/17

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി 07/12/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 1(2) പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയാണ് നികുതിനിരക്ക് നിശ്ചയിച്ചിരിക്കുന്നത്

എന്നാൽ, സഞ്ചയ ആപ്ലിക്കേഷൻ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾക്ക് കുറഞ്ഞ (40 രൂപ) നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

കെട്ടിട നം	നികുതി നിർണ്ണയം നടത്തിയ വർഷം	തറവിസ്തീർണ്ണം (ച.മീ.)	ഈടാക്കേണ്ടിയിരുന്ന നികുതി (50രൂപ നിരക്കിൽ) (ഇളവ്/ വർദ്ധനവ് ഉൾപ്പെടെ)	ഈടാക്കിയ നികുതി (40 രൂപ നിരക്കിൽ) (ഇളവ്/ വർദ്ധനവ് ഉൾപ്പെടെ)	2016-17 ൽ കുറവ് വന്ന തുക
III/432E	2015-16	131.03	7568	5766	1802
XXI/328C	2013-14	210	11025	8820	2205
XVIII/541A	2013-14	390.27	14343	11475	2868
II/391B	2013-14	171.87	7218	5775	1443
II/590C	2016-17	205.18	12926	10342	2584
II/605A	2013-14	261.8	15071	12536	2535
III/281B	2013-14	103.02	6165	4933	1232
III/281A	2013-14	103.02	6490	5193	1297
VIII/100A	2013-14	180.32	9467	7574	1893
XV/15A	2013-14	139.82	6606	5286	1320
IX/72A	2014-15	113.23	4756	3806	950
II/272A	2013-14	115.35	6056	4845	1211
ആകെ					21340

സഞ്ചയ സോഫ്റ്റ് വെയറിലെ ഡേറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമാണ് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കേണ്ടി വന്നതെന്ന് മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 4) ,ആയതിനാൽ, വാണിജ്യ കെട്ടിടങ്ങളുടെ വിസ്തൃതിക്ക് ആനുപാതികമായ നിരക്കിൽ വസ്തുനികുതി

പുനർനിർണ്ണയിച്ച് നികുതിയിനത്തിൽ കുറവ് വന്ന തുക (2016-17 -ലെ മാത്രം ഈയിനത്തിലുള്ള നഷ്ടം 21340/- രൂപയാണ്) കുടിശ്ശിക സഹിതം ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കേണ്ടതാണ്.

2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതിയിനത്തിൽ വരുമാന നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി 07/12/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 1(2) പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ കുറവ് വന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വാർഡ് നം,/ കെട്ടിട നം.	കെട്ടിട ഉടമ	വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.)	ഈടാക്കേണ്ട നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ)	ഈടാക്കിയ നികുതി 40 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ)	കുറവ്
III/28A	എ ബി അബ്ദുൾഖാദർ ആലക്കട	21.93	1382	1106	276
II/28B	,,,,	78.37	4937	3951	986
II/28C	,,,,	89.57	5642	4515	1127
V/600A	സണ്ണി മത്തായി വട്ടപ്പറമ്പിൽ	58.41	3680	2945	735
V/600B	,,,,	58.41	3680	2945	735
XII/485E	ആമിന ഇടപ്പാറയിൽ	46.30	2917	2335	582
XII/485F	,,,,	22.77	1435	1148	287
XII/485G	,,,,	46.30	2917	2335	582
XIII/241B	സജിത്ത് അലി ചപ്പാംകൊട്ട്	83.50	5261	4209	1052
XIII/241C	,,,,	83.51	5261	4210	1051
XIII/241D	,,,,	89.02	5328	4263	1065
XIII/241E	,,,,	89.02	5328	4263	1065
XIX/632A	എം എസ് സണ്ണി	53.46	3087	2471	616

	മുളയിരിക്കൽ				
XIX/632B	,,,,	53.46	3087	2471	616
II/599C	റ്റി എം ഹരീഷ് തോട്ടത്തിക്കളം കോഹിനൂർ	82.50	5198	4158	1040
III/252D	സാറാമ്മ ജേക്കബ് തടിക്കുളങ്ങര	50.15	3159	2529	630
III/252E	,,,,	95.26	6002	4803	1199
III/252F	,,,,	86.23	5433	4347	1086
III/650A	കെ എം മുഹമ്മദ് കൊച്ചുകുടി	33.39	2104	1684	420
III/650B	,,,,	35.14	2214	1772	442
III/650C	,,,,	17.64	1112	890	222
III/650D	,,,,	15.94	1005	805	200
III/650E	,,,,	17.40	1097	878	219
III/650F	,,,,	31.88	2009	1608	401
III/27A	എ ബി അബ്ദുൾഖാദർ ആലക്കട	76.28	4806	3846	960
II/27B	,,,,	86.45	5446	4358	1088
II/27C	,,,,	28.12	1772	1418	354
III/176B	എം എം അബ്ദുൾകരീം മണിയാട്ടുകുടി	95.79	5532	4426	1106
III/176C	,,,,	57.94	3346	2678	668
III/176D	,,,,	57.94	3346	2678	668

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടേയും മുൻ വർഷങ്ങളിൽ സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം, നികുതിനിരക്കിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ, അത്തരം കെട്ടിടങ്ങളുടേയും നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

.

2-3 അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 01/06/2007ലെ 2427/07 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ എൽ. എസ്. ജി. ഡി. എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 19/08/97ലെ 84/97/PW&T സർക്കാർ ഉത്തരവ് പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹൈസ്കൂളുകൾക്ക് 1000 രൂപയും, യു പി സ്കൂളുകൾക്ക് 300 രൂപയും, എൽ. പി സ്കൂളുകൾക്ക് 200 രൂപയുമാണ് ഫീസ്. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിഭാഗം
1	ഗ്രീൻവാലി പബ്ലിക് സ്കൂൾ, നെല്ലിക്കുഴി	ഹൈസ്കൂൾ
2	അൽ അമൽ പബ്ലിക് സ്കൂൾ, നെല്ലിക്കുഴി	ഹൈസ്കൂൾ

3	ബ്ലോസം ഇന്റർനാഷണൽ സ്കൂൾ, നെല്ലിക്കുഴി	ഹൈസ്കൂൾ
4	എൻഇസിറ്റി പബ്ലിക് സ്കൂൾ, ചെറുവട്ടൂർ	ഹൈസ്കൂൾ

അനിവാര്യ ചുമതലകൾക്ക് പുറമെ പഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിർദ്ദേശങ്ങളും പാലിക്കുക എന്നത് പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ, സ്കൂൾസുരക്ഷയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച ഉത്തരവ് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അൺ-എയ്ഡഡ് സ്കൂളുകളുടേയും കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2-4 നിലം ഭൂമിയിൽ വാണിജ്യ കെട്ടിടത്തിന് പെർമിറ്റ്

2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ നിലമെന്ന വിഭാഗത്തിലോ, തണ്ണീർത്തടമെന്ന വിഭാഗത്തിലോ ഉൾപ്പെടാത്തതും പ്രസ്തുത നിയമത്തിലെ നിർവചന പ്രകാരം നെൽവയലിലോ, തണ്ണീർത്തടത്തിലോ ഉൾപ്പെടാത്തതും, എന്നാൽ റവന്യൂ രേഖകളിൽ നിലം അഥവ തത്തുല്യ പദങ്ങളാൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഭൂഉടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകൾ 1967ലെ കേരള ഭൂ വിനിയോഗ ഉത്തരവ് ക്ലോസ് (6) പ്രകാരം റവന്യൂ ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ വീട് നിർമ്മാണത്തിന് മാത്രം പഞ്ചായത്തിൽ 10സെന്റും , മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ആയതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് ശേഷം അനുമതി നൽകാവുന്നതാണ്.(ബഹു, സുപ്രീം കോടതിയുടെ സിഎ നം. 2749/15 കേസിലെ 10/03/15 തീയതിയിലെ വിധിന്യായം, റവന്യൂ(പി) വകുപ്പിന്റെ 22/12/16ലെ 46848/പി1/2016 നമ്പർ സർക്കുലർ)

മേൽ സൂചിപ്പിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ, റവന്യൂ രേഖകളിൽ നിലം എന്നും, ,കരട് ഡേറ്റാ ബാങ്കിൽ നികത്ത് ഭൂമി എന്നും രേഖപ്പെടുത്തിയ പി എ മൈതീൻകുട്ടി നാഹ പുതീക്കപറമ്പിൽ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എരമല്ലൂർ വില്ലേജിലെ 424/2, 424/3 സർവ്വെ നമ്പർ ഭൂമിയിൽ കാർഷികേതര ആവശ്യത്തിന് (വീട് നിർമ്മിക്കുന്നതിന്) മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർ അനുമതി നൽകിയിരുന്നു (31/05/17ലെ എ9-1255/17). എന്നാൽ, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നിലവിൽ നിയമാനുസൃത കെട്ടിടങ്ങൾ ഇല്ലാത്ത പ്രസ്തുത സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള ഷെഡും, ഓഫീസ് കെട്ടിടവും നിർമ്മിക്കുന്നതിനാണ് പെർമിറ്റ് നൽകിയിരിക്കുന്നത്. പെർമിറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

പെർമിറ്റ് നം./തീ	C3-2092/16-17(281) 22/06/17
ഉടമസ്ഥൻ	പി എ മൈതീൻകുട്ടി നാഹ പുതീക്കപറമ്പിൽ, കുറ്റിലഞ്ഞി
സർവ്വെ നം / വിസ്തൃതി(ച.മീ.)	424/2 - 283 424/3 - 486 424/3 - 404 424/2 - 283
കൈവശ ഗണം	വാണിജ്യം(എഫ്)
വിസ്തൃതി(ച.മീ.)	742.60

നിലം ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട പെർമിറ്റ് അനുവദിച്ച വിഷയം പരിശോധിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽ പെടുത്തുന്നു.

2-5 ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിലെ അപാകതകൾ

A) നികുതി/ഫീ ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിൽ വീഴ്ച

2016-17 ൽ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 17087 കെട്ടിടങ്ങളിൽ 3662 എണ്ണം വ്യാപാര/ വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ടവയാണന്ന് വസ്തു നികുതി രജിസ്റ്റർ അടിസ്ഥാനമാക്കി സെക്രട്ടറി

തയ്യാറാക്കി ഓഡിറ്റിൽ സമർപ്പിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ കേവലം 430 വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഇത്രയും സ്ഥാപനങ്ങൾ മാത്രമേ D&O ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവ ഒടുക്കുകയും ചെയ്തിട്ടുള്ളൂ. നിരവധി ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റുകളും, ഷോപ്പുകളുമുള്ള ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് തീരെ കുറഞ്ഞ എണ്ണമാണ്. ഇത് ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടയ്ക്കാതെയും ആണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. ഇതിൽ നിന്നും 2016-17 ൽ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽ വീഴ്ചയുണ്ടായി എന്നു കാണാം.

B) വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നില്ല

ലൈസൻസ് ഫീ ചട്ടം അനുസരിച്ച് ഓരോ സ്ഥാപനത്തിന്റെയും ലൈസൻസ് ഫീ നിശ്ചയിക്കുന്നത് അവയുടെ ദിവസേനയുള്ള ശരാശരി വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് (പട്ടിക 2 പ്രകാരമുള്ള നിരക്കിൽ). എന്നാൽ, ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ സ്ഥാപനത്തിന്റെ ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല പല സ്ഥാപനങ്ങളിൽ നിന്നും ടി പട്ടിക അനുസരിച്ചുള്ള നിരക്കിലല്ല ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമനം	സ്ഥാപനം	വിഭാഗം	ലൈസൻസ് നം	ഈടാക്കിയ ലൈസൻസ് ഫീസ്
1	ഡ്രഗ്സ് &അലൈഡസ്	അലോപ്പതി മരുന്നുകളുടെ ഹോൾസെയിൽ കച്ചവടം	311/16-17	500
2	അമല ബ്രഡ് വേൾഡ്, തൃക്കാരിയൂർ	ബേക്കറി ചിപ്സ് സെന്റർ	302/16-17	200
3	ഗ്ലോബൽ എന്റർപ്രൈസസ്	ക്യാരി ബാഗുകളുടെ നിർമ്മാണം	299/16-17	200
4	ബ്രദേഴ്സ് എഞ്ചിനീയറിംഗ് വർക്ക്സ്	എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്	290/16-17	300
5	ഒബ്രോൺ എക്സ്പോർട്ട്സ് & ഇംപോർട്ട്സ്	ഫർണ്ണിച്ചർ ഷോറൂം	286/16-17	500
6	സ്റ്റാർ ഇൻഡസ്ട്രീസ്	സിമന്റ് വ്യാപാരം	283/16-17	200
7	കൈരളി പേവിംഗ് ടൈൽസ്	പേവിംഗ് ടൈൽസ് യൂണിറ്റ്	266/16-17	500
8	ആൽഫ മെഡിടെക്	അലോപ്പതി മരുന്നുകളുടെ ഹോൾസെയിൽ കച്ചവടം	269/16-17	100
9	ക്ലീയർ സിമന്റ് പ്രോഡക്ട്സ്	കോൺക്രീറ്റ് വാതിലുകൾ, ജനലുകൾ, കിണർ റിംഗ്, സേപ്റ്റി ടാങ്ക് നിർമ്മാണം വിതരണവും	266/16-17	500
10	സുപ്പീരീയർ ഇൻഡസ്ട്രീസ്	നെയിൽ നിർമ്മാണം	261/16-17	300

11	എബിസി സിമന്റ് പ്രോഡക്ട്സ്	ഹോളോബ്രിക്സ് നിർമ്മാണം	07/16-17	300

ആയതിനാൽ സ്ഥാപനങ്ങളുടെ ദിവസേനയുള്ള ശരാശരി വിറ്റുവരവിന് ആനുപാതീകമായി ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

2-6 സാംഖ്യ-സഞ്ചയ സോഫ്റ്റ്വെയറുകളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള കണക്കുകളിൽ താഴെപറയുന്ന ന്യൂനതകൾ കാണുന്നു.

1) കെട്ടിട നികുതിയിനത്തിൽ സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	സഞ്ചയപ്രകാരം	സാംഖ്യപ്രകാരം	വ്യത്യാസം
ഡിമാന്റ്	7987910	7572006	415904
കളക്ഷൻ	4680359	4598762	81597
ബാലൻസ്	2924516	3121906	197390

2)കെട്ടിട നികുതിയിനത്തിൽ സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള അരിയർ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	സഞ്ചയപ്രകാരം	സാംഖ്യപ്രകാരം	വ്യത്യാസം
ഡിമാന്റ്	12919877	6485477	6434400
കളക്ഷൻ	4680359	80899136	76218777
ബാലൻസ്	4648663	4397598	251065

(3) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

<u>ഭാഗം -3</u>

<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

3-1 ഹെൽപ്പ് ഡെസ്ക്ക് കൺവീനർക്ക് ഹോണറേറിയം നൽകി.

ഗ്രാമപഞ്ചായത്തിൽ ഹെൽപ്പ് ഡെസ്ക്ക് കൺവീനറായി ശ്രീമതി ഖദീജ കെ എം,പുതിയേടത്ത്കുന്നേൽ,നെല്ലിക്കുഴി എന്ന ജീവനക്കാരി സേവനമനുഷ്ഠിച്ചിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം.992/09/തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പ്രകാരം പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കില എന്ന സർക്കാർ സ്ഥാപനത്തിൽ പരിശീലനം പൂർത്തീകരിച്ച ഒരാളെ പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിക്കാനും സഹായങ്ങൾക്കുമായി നിയമിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ തുടർന്ന് വരുന്ന പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ ഇപ്രകാരം നിയമിച്ച് ഹോണറേറിയം നൽകുന്നതിന് അനുവാദമില്ല. എന്നിട്ടും ഇത്രയും കാലം ഹെൽപ്പ് ഡെസ്ക്ക് കൺവീനറായി ഒരാളെ നിയമിച്ചത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു

തുക നൽകിയ മാസം	വൗച്ചർ നമ്പർ/തീയതി	തുക
2/16,3/16	21600013/11.04.16	1500
4/16,5/16	21600227/08.06.16	1500
7/16,8/16	21600417/10.08.16	1500
9/16	21600619/04.10.16	1500
10/16,11/16	21600843/02.12.16	1500
12/16,01/17	21601291/23.02.17	1500

ആകെ	9000

സർക്കാർ അനുമതി ഇല്ലാതെ ഹോണറേറിയം ഇനത്തിൽ നൽകിയ 9000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

3-2 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയത്-അപാകതകൾ

പ്രോജക്ട് നം	S0161/2017
പ്രോജക്ടിന്റെ പേര്	കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട്
ചെലവ് വിവരം	₹.5,60,000/- (ബിൽ നമ്പർ 19/16-17 തീയതി 31.3.17)
നിർവ്വഹണോദ്യോഗസ്ഥൻ	അസി.സെക്രട്ടറി

ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകളുണ്ട്

1). 56 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് റിവോൾവിംങ് ഫണ്ട് നൽകിയിട്ടുണ്ട്. വിവിധ ബാങ്കുകളിലേക്കായി ബാക്ക് എൻഡ് സബ്സിഡിക്കായി 10000/- രൂപ വീതം 5,60,000/-രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും ഗുണഭോക്താക്കളായ വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വായ്പ ലഭിച്ചതായി കാണുന്നില്ല. വായ്പ അനുവദിക്കാതെ സബ്സിഡി തുക നൽകിയത് ക്രമവിരുദ്ധമാണ്.

2).കുടുംബശ്രീ ഗ്രൂപ്പുകൾ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, യൂണിറ്റുകൾ പഞ്ചായത്തിൽ നിന്നും ലഭിച്ച ലൈസൻസ് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

3). പ്രസ്തുത കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന പ്രോജക്ടിൽ വിവരിക്കുന്ന വ്യവസായം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (7/20.09.2017) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,60,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

3-3 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമല്ല - 290000/- രൂപ തടസ്സപ്പെടുത്തുന്നു.

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ 21 വാർഡുകളിലേക്കായി, മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷനിൽ നിന്ന് 2,10,000/- രൂപയാണ് (വാർഡൊന്നിന് 10,000/- രൂപ വീതം) ഓഡിറ്റ് വർഷത്തിൽ ലഭിച്ചിട്ടുള്ളത്. ഇത് കൂടാതെ പഞ്ചായത്ത് ഫണ്ടും കൂടി ഉൾപ്പെടുത്തി ആകെ 2,90,000/- രൂപ (വൗച്ചർ നമ്പർ 21600317/12.07.2016)മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെലവായിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(10) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അതിനാൽ ഈയിനത്തിലെ ചെലവ് 2,90,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-4 ആശ്രയ ഭവനനിർമ്മാണം - തുക ചെലവഴിച്ചതിലെ അപാകത

പ്രൊജക്ടിന്റെ പേര്/ നമ്പർ	എസ്0111/17, ആശ്രയ ഭവന നിർമ്മാണം
അടങ്കൽ	Rs.2,50,000/-
ചെലവ്	Rs.2,50,000/-
ബിൽ നമ്പർ/ തീയതി	9/16-17,31.03.17
നിർവ്വഹണോദ്യോഗസ്ഥൻ	വി ഇ ഒ, ചെറുവട്ടൂർ

ആശ്രയ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണത്തിനുവേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ശ്രീമതി നസീറ എം.എ, മഠത്തിപ്പറമ്പിൽ,ഇരമല്ലൂർ എന്ന ഗുണഭോക്താവിന് ഭവനം നിർമ്മിക്കുന്നതിന് ആണ് പ്രോജക്ടിൽ ലക്ഷ്യം ഇട്ടിരുന്നത്. അതനുസരിച്ച് 2,50,000/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിക്കുകയും സി ഡി എസിന്റെ ചലഞ്ച് ഫണ്ട് അക്കൗണ്ടിലേക്ക് (എസ് ബി ടി -67107583904)കൈമാറുകയും ചെയ്തു. പിൻവലിച്ച തുക ഗുണഭോക്താവിന് ഗുണകരമായ വിധത്തിൽ ഭവനനിർമ്മാണത്തിനായി ചെലവഴിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ

ഇല്ല. ഓഡിറ്റ് എൻകവയറി (നം.12/23.09.17) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ 2,50,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

3-5 ആദായ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ 2016-17 ലെ പ്രിന്റിംഗ് ജോലികൾ ചെയ്ത ഇനത്തിൽ ശ്രീ.ഇ.എസ്.അബ്ദുൾ ഖാദർ (റോയൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്) 328173/- രൂപ വിവിധ വൗച്ചറുകൾ പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകളിൽ നിന്നും ആദായ നികുതി വകുപ്പ് 194 (c) പ്രകാരം ഉറവിടത്തിൽ കിഴിക്കേണ്ട നികുതി (T D S)യിലുള്ള 1% തുക ഈടാക്കിയിട്ടില്ല .വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വൗച്ചർ നം./തീയതി	നൽകിയ തുക
21600076/26.04.2016	600
21600152/12.05.2016	900
21600234/14.06.2016	8650
21600247/16.06.2016	13130
21600762/30.07.2016	11515
21600894/22.12.2016	4250
21600896/22.12.2016	13950
21601201/07.02.2017	1300
21601202/07.02.2017	850
21601295/23.02.2017	272558
21601319/27.02.2017	470
ആകെ	**328173**

ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 3282/-രൂപ (1%) ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-6 മരുന്ന് ലഭിച്ചിട്ടില്ല

1)

പ്രോജക്ട് നമ്പർ	S0159/17
പ്രോജക്ടിന്റെ പേര്	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, പി എച്ച് സി നെല്ലിക്കുഴി
തുക	50,000/-
ബിൽ നമ്പർ	04/16-17,08.03.2017

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേൻ,പാതിരപ്പിള്ളി,ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 50,000/-രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല.

2)

പ്രോജക്ട് നമ്പർ	S0028/17

പ്രോജക്ടിന്റെ പേര്	ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥ	ആയുർവേദ മെഡിക്കൽ ഓഫീസർ, ചെറുവട്ടൂർ
തുക	5,00,000/-
ബിൽ നമ്പർ	02/16-17,14.10.2016

ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് ഔഷധി,തൃശ്ശൂരിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 5,00,000/-രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ 4,40,525/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 59,475/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

.

3-7 പദ്ധതികൾ നടപ്പിലാക്കൽ - നടപടിക്രമങ്ങളിൽ വീഴ്ച

1.പദ്ധതികളുടെ മോണിറ്ററിംഗ് നടത്താതെ ചെലവു നടത്തി

GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ഖണ്ഡിക 22) പ്രകാരം ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ (നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെ) നടത്തണമെന്നു നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ ഫൈനൽ പേമെന്റ് നല്കാൻ പാടുള്ളൂ. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റു വർഷം നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ കാര്യത്തിൽ നിയമാനുസൃതം മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. ഇത് ഗുരുതരമായ ചട്ട ലംഘനം ആണ്.

2.എഗ്രിമെന്റ് തയ്യാറാക്കിയതിൽ ന്യൂനതകൾ

കാലഹരണപ്പെട്ട മാതൃകയിലാണ് കരാർ ചമച്ചിട്ടുള്ളത്. 2012 ലെ PWD മാന്വൽ നിഷ്കർഷിക്കും പ്രകാരമുള്ള മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. കരാറിനൊപ്പം പ്രവൃത്തി വിവര പട്ടിക ഉൾപ്പെടുത്തുന്നില്ല, കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രവൃത്തി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-8 വാട്ടർ ചാർജ്ജ് - കുടിശ്ശിക വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ മാസംതോറും 188125/- രൂപയാണ് വാട്ടർ ചാർജ്ജിനത്തിൽ ഒടുക്കിക്കൊണ്ടിരിക്കുന്നത്. വാട്ടർ അതോറിറ്റിയിൽ നിന്ന് മാസംതോറും ലഭിച്ചികൊണ്ടിരിക്കുന്ന ബില്ലിൽ ഭീമമായ ഒരു തുക കുടിശ്ശികയും ഫൈനും ആയി രേഖപ്പെടുത്തിപ്പോരുന്നുണ്ട്. 04/2016മുതൽ 03/2017 വരെയുള്ള ബില്ലുകളിൽ താഴെ പറയുംപ്രകാരം ഇത് വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്.

മാസം	കുടിശ്ശിക	പിഴ	തൻമാസ ഡിമാന്റ്
04/16	2439094	47843	188125
05/16	2486937	48782	188125
06/16	2535719	49739	188125
07/16	2585458	50714	188125
08/16	2636172	48791	188125
09/16	2687881	52723	188125
10/16	2740604	53758	188125
11/16	2974362	54812	188125
12/16	2849174	55887	188125
01/17	2905061	56783	188125
02/17	2962044	58101	188125

03/17	3020145	59241	188125

430 ടാപ്പുകൾക്ക് പ്രതിവർഷം 5250/- നിരക്കിൽ തുക കണക്കാക്കിയുള്ള വാട്ടർ അതോറിറ്റി ബില്ലാണ് പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതോറിറ്റിയുടെ പ്രതിമാസ ഡിമാന്റ് അനുസരിച്ചുള്ള തുക പഞ്ചായത്ത് അതാതുമാസം തന്നെ അടവാക്കുന്നുമുണ്ട്. (ഇതിന് പുറമെ, ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തിയതിനായ് ഓഡിറ്റ് വർഷത്തിൽ 42300/- രൂപ ചെലവായിട്ടുമുണ്ട്.) എന്നാൽ അതോറിറ്റിയുടെ ബില്ലിൽ രേഖപ്പെടുത്തുന്ന കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കുകയോ, ഇത്ര ഭീമമായ തുക കുടിശ്ശിക ഇനത്തിൽ വന്നിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് തിരക്കി, അത് പരിഹരിക്കുന്നതിന് ഉചിതമായ നടപടി കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കുടിശ്ശിക തീർക്കാത്തത് പഞ്ചായത്തിന് വലിയ ബാധ്യതയായി മാറുവാനിടയുണ്ട്.

അതോറിറ്റിയുടെ ബില്ലിൽ രേഖപ്പെടുത്തിപ്പോരുന്ന തരത്തിൽ 430 വാട്ടർ ടാപ്പുകൾ നിലവിൽ ഉപയോഗപ്രദമാണോ എന്ന് പരിശോധിച്ച്, ഉപയോഗശൂന്യമായവ ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റി അധികൃതരുമായിച്ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തി, വാട്ടർ ബില്ല് ഇനത്തിൽ പഞ്ചായത്തിന്റെ ചെലവ് തുക പരിമിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

3-9 ഇലക്ട്രിസിറ്റി ചാർജ്ജ്

പഞ്ചായത്ത് 53745/- രൂപയാണ് പ്രതിമാസം തെരുവു വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ അടച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ രേഖകൾ പ്രകാരം 1890 CFL വിളക്കുകളും, 25 സോഡിയം വേപ്പർ ലാമ്പുകളും 3 ഹൈമാസ്റ്റ് ലൈറ്റുകളുമാണുള്ളത്. CFL വിളക്കുൾക്ക് ചാർജ്ജ് കുറവാണെന്നിരിക്കെ, ഇത്തരത്തിൽ വലിയ തുക കറന്റ് ചാർജ്ജിനത്തിൽ അടക്കേണ്ടിവരുന്നത് എന്തടിസ്ഥാനത്തിലെന്ന് വ്യക്തമല്ല. യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വിളക്കുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്നതിനായി KSEB അധികൃതരുമായി ഒരു സംയുക്ത പരിശോധന നടത്തി, ഏതെങ്കിലും വിധത്തിൽ തെരുവ് വിളക്കിന് കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിൽ അത് രേഖപ്പെടുത്തി ഈയിനത്തിലുണ്ടായ അധിക ചെലവ് തുടർ ബില്ലുകളിൽ ക്രമപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	2016-17	126000	സമഗ്ര നെൽകൃഷി വികസനം	126000	0
ജില്ലാ പഞ്ചായത്ത്	2016-17	400000	ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ്	400000	0
ബ്ലോക്ക് പഞ്ചായത്ത്	2016-17	400000	ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ്	400000	0
ബ്ലോക്ക് പഞ്ചായത്ത്	2016-17	500000	അംഗൻവാടിക്ക് സ്ഥലംവാങ്ങൽ	200000	300000
ബ്ലോക്ക് പഞ്ചായത്ത്	2016-17	535000	4ാംവാർഡ് അംഗൻവാടി നിർമ്മാണം	0	535000

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക (തുക)	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98	-	2000-01	(₹.78,000/-)	-	തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	66856545.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	57479355.00
വരവിനങ്ങളിലുള്ള നഷ്ടം	21340.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	12282.00
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	11,00,000.00

(ചെലവിനങ്ങളിലും വരവിനങ്ങളിലുമുള്ള നഷ്ടം ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	വരവ് നഷ്ടം	ചെലവു നഷ്ടം	
2-1	21340	--	റ്റി.കെ.വർഗ്ഗീസ് സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
3-1		9000	
ആകെ	**21340**	**9000**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	560000	ശ്രീ. ആനന്ദൻ.റ്റി.വി., അസി. സെക്രട്ടറി
3-3	290000/-	റ്റി.കെ.വർഗ്ഗീസ് സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
3-4	250000/-	അരുൺകുമാർ.പി.എസ് , വി.ഇ.ഒ. നെല്ലിക്കുഴി
ആകെ	**11,00,000**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-5	3282	റ്റി.കെ.വർഗ്ഗീസ്,സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
റ്റി.കെ.വർഗ്ഗീസ് സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്	വിരമിച്ചു	തൊണ്ടിനേത്ത്, കുത്തുകുഴി.പി.ഒ., കുത്തുകുഴി
അരുൺകുമാർ പി.എസ്., വി.ഇ.ഒ., ചെറുവട്ടൂർ (നെല്ലിക്കുഴിഗ്രാമപഞ്ചായത്ത്)	വി.ഇ.ഒ., നെല്ലിക്കുഴിഗ്രാമപഞ്ചായത്ത്	പെരുമ്പപ്പറം വീട്,കുട്ടമ്പുഴ
ആനന്ദൻ.റ്റി.വി.,അസിസ്റ്റന്റ് സെക്രട്ടറി,	അസിസ്റ്റന്റ് സെക്രട്ടറി,	നികർത്തിൽ, ഓളശ്ശേരി, വൈക്കം പി.ഒ.

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	LFE(P1)717/1998dt.13.1.1999
1997-98	LFE(P1)1583/1999dt.14.6.2000
1998-99	LFE(P1)1106/2001dt.24.6.2002
1999-00	LFE(P1)689/2002dt.09.12.2002
2000-01	LFE(P1)1334/2002dt.7.5.2004
2003-04	LFE(P1)1315/2010dt.-11.01.2012
2004-05	LFE(P1)1316/2010 dt.-11.01.2012
2006-07	LFE(P1)1521/2010dt.02.12.2011
2007-08	LFE(P7)1118/2012dt.24.7.2012
2008-09	LFE(P7)1118/2012dt.24.7.2012
2009-10	LFE(P7)1118/2012dt.24.7.2012
2010-11	LFE(P7)1118/2012dt.24.7.2012
2011-12	LFE(P1)1319/2014dt.4.10.2014
2012-13	LFE(P1)1319/2014dt.4.10.2014
2013-14	KSA-EKM(P7)962/16dt.24.6.2016
2014-15	
2015-16	KSA-EKM(P7)2200/2016dt.31.01.2017

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.7) 1854/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി : 18.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ** 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

ANNEXURE II

AUDIT CERTIFICATE

No.K.S.A.-EKM(P.7) 1854/17

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 18.11.2017

Certified that I have audited the Annual Financial Statement of Nellikuzhy Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Nellikuzhy Grama panchaya**t for the year 2016-17 properly presents the picture of income and expenditure.

Deputy Director